# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കണ്ണൂർ ജില്ല

**(പ്രാബല്യം: 07.05.2022 മുതൽ 11.05.2022 വരെ)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 07.05.2022 മുതൽ 11.05.2022 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 36/2022 | തീയ്യതി: 06/05/2022 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 3.3 | 33.4-35.6 | 24.3-27.0 | 68.5-85.8 | 0.0-04.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 07-05-2022 | 08-05-2022 | 09-05-2022 | 10-05-2022 | 11-05-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 6 | 12 | 0 | 0 | 0 |
| കൂടിയ താപനില, °C | 34 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില, °C | 27 | 27 | 27 | 27 | 27 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 68 | 68 | 68 | 68 | 68 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 8 | 8 | 6 | 6 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 320 | 320 | 320 | 320 | 320 |
| മേഘ വിന്യാസം, ഒക്ടാ | 8 | 7 | 3 | 3 | 3 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **അങ്ങിങ്ങായി ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും കാറ്റിനും സാധ്യത.** | | |
| | ഉയർന്ന ഊഷ്മാവും അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും. ആകാശം ഭാഗികമായോ പൂർണമായോ മേഘാവൃതമായിരിക്കും.<br>അങ്ങിങ്ങായി ഒറ്റപ്പെട്ട മഴകൾ ലഭിക്കാൻ സാധ്യതയുണ്ട്.<br>വിസ്തൃത മഴ പ്രവചനമനുസരിച്ച് അടുത്ത രണ്ടാഴ്ച്ചകളിൽ ശരാശരിയേക്കാൾ വളരെ കൂടുതൽ മഴ ലഭിക്കാൻ സാധ്യതയുണ്ട് | | |

| | | |
|---|---|---|
| **<u>പൊതു നിർദ്ദേശങ്ങൾ</u>** | ഒറ്റപ്പെട്ട മഴ: വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>**അവശ്യ ഘട്ടങ്ങളിൽ നീർ വാർച്ച എളുപ്പമാക്കുന്നതിന് ജല നിർഗമന ചാലുകളിലെ അനാവശ്യ തടസ്സങ്ങൾ നീക്കം ചെയ്യുക.**<br>**വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.**<br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്<br>അന്തരീക്ഷ ഊഷ്മാവ് കൂടുതലുള്ള ദിവസങ്ങളിൽ പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക<br>വൃക്ഷ വിളകൾ നടാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങാം. വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ. വർഷ കാലം തുടങ്ങുന്നതോടുകൂടി തൈകൾ നടാം. | |
| നെല്ല്: വിരുപ്പൂ (ഒന്നാം വിള) | നിലമൊരുക്കൽ | മഴ ലഭിക്കുമെന്ന് പ്രവചിച്ചിരിക്കുന്ന സാഹചര്യത്തിൽ പാടം ഉഴുതൽ ആരംഭിക്കുക.<br>ആദ്യത്തെ ഉഴുതലിൽ തന്നെ പച്ചില വളങ്ങൾ, ഉണക്കിപൊടിച്ച ചാണക വളം എന്നിവ (മൊത്തത്തിൽ ഹെക്ടറിനു അഞ്ചു ടൺ നിരക്കിൽ ) മണ്ണുമായി ചേർക്കുക. |
| നെല്ല്: വിരുപ്പൂ (ഒന്നാം വിള) | പൊടി വിത / നഴ്സറി തയ്യാറാക്കൽ | മണ്ണിലെ ഈർപ്പത്തിന്റെ അളവ് സ്ഥലത്തെ ജല ലഭ്യത എന്നിവ വിലയിരുത്തി നേരത്തെ തന്നെ പൊടിവിത അല്ലെങ്കിൽ പറിച്ചു നേടുന്നതിനായി നഴ്സറി തയ്യാറാക്കൽ എന്നീ പ്രവൃത്തികൾ അവലംബിക്കുക.<br>രോഗബാധ തടയുന്നതിനായി നടുന്നതിന് മുൻപ് വിത്ത്, സ്യൂഡോമോണസ് (പത്തു കിലോ ഗ്രാം വിത്തിനു 10 ഗ്രാം സ്യൂഡോമോണസ് എന്ന തോതിൽ) കലർത്തി തയ്യാർ ചെയ്യണം.<br>നഴ്സറി തയ്യാറാക്കുന്ന സമയത്ത് ചതുരശ്ര മീറ്ററിന് ചുരുങ്ങിയത് 1 കി. ഗ്രാം ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ് മണ്ണിൽ നന്നായി ഇളക്കി ചേർക്കേണ്ടതാകുന്നു |
| തെങ്ങ് | നിലമൊരുക്കൽ | നടാൻ വേണ്ടി നിലമൊരുക്കാം.<br>നടാനുള്ള കുഴികൾക്ക് 1 മീറ്റർ വീതം നീളവും വീതിയും ആഴവും ഉണ്ടായിരിക്കണം. ചെങ്കൽ പ്രദേശമാണെങ്കിൽ കുഴികൾക്ക് 1.2 മീറ്റർ വീതം നീളവും വീതിയും ആഴവും വേണം.<br>മേൽമണ്ണും ചാണകപ്പൊടിയും ചാരവും കൂട്ടിക്കലർത്തിയ മിശ്രിതം ഉപയോഗിച്ച് കുഴിയുടെ മുന്നിൽ ഒരു ഭാഗം നിറക്കുക.<br>തൈക്കുഴിയിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്ത് കുഴിയിലേക്ക് വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ ചുറ്റും വരമ്പ് തീർക്കുക |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>ഉപയോഗ ശൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ഒലക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ചെമ്പൻ ചെല്ലി<br> | നിയന്ത്രണ മാർഗങ്ങൾ:-<br><br>നേർപ്പിച്ച ഇമിഡാക്ളോർപ്രിഡ് (1മില്ലി പത്തു ലിറ്റർ വെള്ളത്തിൽ) ലായനി ചെല്ലി തുരന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക.<br><br>തോട്ടങ്ങളിൽ സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | വൃത്തിയാക്കിയ ശേഷം മുൻകരുതലായി ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ ട്രൈക്കോഡെർമ കെയ്ക്ക് നിക്ഷേപിക്കുക.<br><br>അല്ലെങ്കിൽ<br>മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (2 ഗ്രാം ) തയ്യാറാക്കുക. തെങ്ങിന്റെ മണ്ട വൃത്തിയാക്കിയ ശേഷം,. മുൻകരുതലായി, ഇങ്ങനെയുള്ള മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക.<br><br>അല്ലെങ്കിൽ<br>തെങ്ങിന്റെ മണ്ടയിലും, കൂമ്പിലും, മുൻകരുതലായി, 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| കശുമാവ് | പുതു നാമ്പ് വരുന്ന ഘട്ടം | തടിതുരപ്പൻ<br> | 5 വർഷത്തിന് മുകളിൽ പ്രായമായ മരങ്ങളാണെങ്കിൽ ചെളി : ടാർ - മണ്ണെണ്ണ മിശ്രിതം (1:2അനുപാതത്തിൽ) മുൻകരുതലായി കൊടുക്കാവുന്നതാണ്. മണ്ണിനു വെളിയിൽ കാണുന്ന വേരുകൾ മണ്ണിട്ട് മൂടുക.<br>ആക്രമണം ഉണ്ടായാൽ തായ്ത്തടികളിലും പുറമെ കാണുന്ന വേരുകളിലും ക്ലോർപൈറിഫോസ് (ക്ലോർപൈറിഫോസ് 20 EC 10 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി) പുരട്ടുകയും മണ്ണിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യുക. |

| | | | |
|---|---|---|---|
| മാവ് | മാങ്ങകൾ മൂപ്പെത്തുന്ന ഘട്ടം | കായീച്ച<br> | മൂപ്പെത്തിയ മാങ്ങകൾ പഴുക്കുന്നതിനു മുമ്പെ പറിച്ചെടുക്കുക. തിളക്കുന്ന വെള്ളവും തണുത്ത വെള്ളവും തുല്യ അളവിൽ യോജിപ്പിച്ച് ഒരു ലിറ്റർ വെള്ളത്തിന് ഒരു ടേബിൾ സ്പൂൺ എന്ന തോതിൽ കറിയുപ്പ് ലയിപ്പിക്കുക. പ്രസ്തുത ലായനിയിൽ മാങ്ങകൾ 2 മിനിട്ട് നേരത്തേക്ക് മുക്കിയെടുത്ത് വെള്ളം തോർത്തി കളഞ്ഞതിനു ശേഷം പഴുക്കാൻ വെക്കുക. |
| ഇഞ്ചി/മഞ്ഞൾ | നടുന്ന സമയം | വാട്ടം/ചീച്ചൽ | മുൻകരുതലായി നടുന്ന സമയം നിലമൊരുക്കുമ്പോൾ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകം ( നൂറു കിലോഗ്രാം ചാണകത്തിൽ ഒരു കിലോഗ്രാം ട്രൈക്കോഡെർമ). ഉപയോഗിക്കുക.<br>അല്ലെങ്കിൽ<br>നൂറു ചതുരശ്രമീറ്ററിന് 25 ഗ്രാമ വീതം ട്രൈക്കോഡെർമ മണ്ണിൽ നേരിട്ട് ചേർത്തു യോജിപ്പിക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | മണ്ഡരി<br> | സ്പൈറോമെസിഫെൻ (0.7മില്ലി/ലി) വെള്ളത്തിൽ കലക്കി ചെടിയുടെ ഇലകളിൽ തളിച്ച് കൊടുക്കുക. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി